തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ശിരുവാണിഡാമിന്റെ പണി 89 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) എഗ്രിമെന്റ്പ്രകാരം 1977 ആഗസ്റ്റിൽ പണി പൂർത്തിയാകേണ്ടതായിരുന്നു.

(സി മുതൽ ജി വരെ.) ഡാം പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികളും കരാറുകാരും തമ്മിലുണ്ടായ തൊഴിൽത്തർക്കംമൂലം പണികൾ മന്ദഗതിയിലാവുകയും ഇത് പദ്ധതിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്തു. തുടർന്നു പണി കരാർ ഏറ്റിരുന്ന കോൺട്രാക്ടർമാർ പണി പൂർത്തിയാക്കാതെ ഒഴിഞ്ഞുപോവുകയും ചെയ്തു. ശ്രീ. കെ. കുരിയാക്കോസ്, പെരുമ്പാവൂർ, സുദർശൻ ട്രേഡിംഗ് കമ്പനി, മദ്രാസ്, ശ്രീ. കെ. ജെ. പോളു, ഒല്ലൂർ എന്നിവരാണ് ഇപ്രകാരം പണി നിറുത്തിവച്ച കരാറുകാർ. കരാർ വ്യവസ്ഥകൾ അനുസരിച്ച് ഇവർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

കരാറുകാർ ഒഴിഞ്ഞുപോയതിനുശേഷം ഡാമിൽ പണി ചെയ്തിരുന്ന തൊഴിലാളികളുടെ അംഗീകൃത സംഘടനകളുടെ നേതൃത്വത്തിൽ തൊഴിലാളികൾ തന്നെ പണി കുറെക്കാലം നടത്തി. ഇവർ പണി ഏറെറടുത്തശേഷം കുറച്ചു പുരോഗതിയുണ്ടായിരുന്നുവെങ്കിലും 19-3-79 മുതൽ അവർ പണി നിറുത്തിവച്ചിരിക്കുകയാണ്.

(എച്ച്) 1979 ഫെബ്രുവരി അവസാനംവരെ ഡാമിന്റെ പണികൾക്ക് 486.15.463 രൂപ ചെലവായിട്ടുണ്ട്.

(ഐ) തച്ചമ്പാറ-ശിരുവാണി റോഡിന് 1979 ജനുവരി 31 വരെ 63.49 ലക്ഷം രൂപ ചെലവായി.

(ജെ) 15 ലക്ഷം രൂപ, ഇതുതന്നു കഴിഞ്ഞു.

റെയിൽവേ ഓവർബ്രിഡ്ജുകൾ

* 686 [744] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ഗേറുകളുള്ള എത്ര സ്ഥലങ്ങളിൽ കേരളത്തിൽ ഓവർബ്രിഡ്ജുകൾ പണിയേണ്ടതായി വരുമെന്നാണ് ഗവൺമെന്റിന്റെ കണക്ക്;

(ബി) ഇതിൽ എത്ര ഓവർബ്രിഡ്ജുകൾ പണിയാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്;

(സി) ബാക്കി സ്ഥലങ്ങളിൽ പണിയുന്നതിനു പരിപാടിയുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസഹായവും റെയിൽവേ വകുപ്പിന്റെ സഹായവും കിട്ടുമോ ;

(ഇ) കിട്ടുമെങ്കിൽ അത്തരം സഹായങ്ങൾ ഉപയോഗിച്ച് പാലങ്ങൾ പണിതും ഡൈവർഷൻ റോഡുപണിതും ഈ ഗേറുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുമോ;

(എഫ്) അക്കാര്യത്തിൽ കേരളാ ഗവൺമെന്റിന്റെ അനാസ്ഥയെപ്പറ്റി കേന്ദ്രം എടുത്തു പറഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) എത്ര ഓവർബ്രിഡ്ജുകൾ പണിയേണ്ടതായിവരുമെന്ന് കണക്കാക്കിയിട്ടില്ല.

(ബി) 1979-80 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ റെയിൽവേ സുരക്ഷിതത്വ പണികൾ എന്ന ഇനത്തിൽ കൊടുത്തിട്ടുള്ള 48 പണികളിൽ 25 ഓവർബ്രിഡ്ജുകൾ ഉൾപ്പെടുന്നുണ്ട്. അവയ്ക്ക് ഓരോ തുക വകകൊള്ളിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 25 ഓവർബ്രിഡ്ജുകളിൽ ചിലവ ഉൾപ്പടെ പതിനഞ്ചെണ്ണത്തിന് മുൻഗണന നൽകാൻ സതേൺ റെയിൽവേ ജനറൽമാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ബാക്കി സ്ഥലങ്ങളിൽ പണിയുന്നതിനും നിർദ്ദേശങ്ങളും ഉണ്ട്.

(ഡി) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംസ്ഥാന ഗവൺമെൻറും റെയിൽവേയും ഒത്തൊരുമിച്ചാണ് നടത്തുന്നത്, ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള എല്ലാ ചെലവും, പാലത്തിൻറെയും അപ്രോച്ചു റോഡിൻറെയും 50 ശതമാനം ചെലവും സംസ്ഥാന ഗവൺമെൻറാണ് വഹിക്കുന്നത്. പാലത്തിൻറെയും അപ്രോച്ചു റോഡിൻറെയും ചെലവിൽ ബാക്കി 50 ശതമാനം റെയിൽവേ വഹിക്കുന്നതാണ്.

(ഇ) അപ്രകാരമാണ് ചെയ്തുവരുന്നത്.

(എഫ്) ഇല്ല.

വ്യവസായ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗങ്ങളിലെ നിയമനം

*687 [745] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരെ വ്യവസായ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ അയക്കുന്നതിനു പകരം മാനേജ്മെൻറിൽ സാമർത്ഥ്യമുള്ളവരുടെ ഒരു കേഡർ രൂപീകരിച്ച് അതിൽനിന്നും നിയമനം നടത്തുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്ന് നിലവിൽ വരുമെന്ന് പറയാമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഒരു ഇൻഡസ്ട്രിയൽ മാനേജ്മെൻറ് കേഡർ രൂപീകരിക്കുന്നതിനു ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) അതിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly